നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 457 — 06.03.2012-ലെ മറുപടിക്ക്

## പഞ്ചായത്തുകളുടെ പദ്ധതിയുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാപോറ്റി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെ പദ്ധതിയുടെ പുരോഗതി 2012 ഫെബ്രുവരി 29 വരെ എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | (എ) പഞ്ചായത്തുകളുടെ പദ്ധതികളുടെ പുരോഗതി (ചെലവായ തുക) താൽക്കാലിക കണക്കുകൾ പ്രകാരം ബഡ്ജറ്റ് അലോക്കേഷന്റെ 50.46% ആണ്. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഗ്രാന്റ്, ലോക ബാങ്ക് സഹായം, സ്പെഷ്യൽ ഗ്രാന്റ് ഒഴികെ കണക്കാക്കിയാൽ 42.97% ആണ്. ആകെ ഈ വർഷം ലഭ്യമായ വിഹിതത്തിന്റെ 45.77% വുമാണ്. |
| (ബി) പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ കടുത്ത അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |

| | |
|---|---|
| (സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ പുരോഗതി അവലോകന സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലും അവലോകന യോഗങ്ങൾ ചേർന്നു ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത അവലോകന യോഗങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന പ്രശ്നങ്ങൾ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത് അടിയന്തര സമയബന്ധിത നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ